(എഫ്) വനവൽക്കരണത്തിൽ ഉദ്യോഗസ്ഥതലത്തിൽ അഴിമതി ഉണ്ടോയെന്ന് കണ്ടെത്താൻ ഉതകുന്ന ഒരു സമഗ്രാന്വേഷണം നടത്തുമോ?

ഉത്തരം

(എ)	ജില്ല	വിസ്തീർണ്ണം (ച.കി.മീ)
1.	തിരുവനന്തപുരം	225.71
2.	കൊല്ലം	397.44
3.	പത്തനംതിട്ട	917.84
4.	ആലപ്പുഴ	---
5.	കോട്ടയം	30.79
6.	ഇടുക്കി	1500.24
7.	എറണാകുളം	137.18
8.	തൃശ്ശൂർ	559.94
9.	പാലക്കാട്	666.62
10.	മലപ്പുറം	446.62
11.	കോഴിക്കോട്	101.64
12.	വയനാട്	506.79
13.	കണ്ണൂർ	110.96
14.	കാസർഗോഡ്	41.36

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 45905 ഹെക്ടർ സ്ഥലത്ത് ഫലപ്രദമായി വനവൽക്കരണം നടത്തിയിട്ടുണ്ട്.

(ഡി) പരിശോധിക്കാറുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് കൺസർവേറ്റർ മാസത്തിൽ കുറഞ്ഞത് 20 ദിവസങ്ങളിലും ഫോറസ്റ്റ് കൺസർവേറ്റർ വർഷത്തിൽ ഒരിക്കലും പരിശോധന നടത്താറുണ്ട്. ഇതു കൂടാതെ ഫോറസ്റ്റ് വിജിലൻസ് വിഭാഗത്തിലെ വിവിധ ഉദ്യോഗസ്ഥന്മാർ പലപ്പോഴായി മിന്നൽ പരിശോധനകളും നടത്താറുണ്ട് ഫോറസ്റ്റ് കൺസർവേറ്റർമാരിൽ നിന്നും മൊത്തം 393 പരിശോധന റിപ്പോർട്ടുകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്.

(ഇ) ലഭിച്ചതായി കാണുന്നില്ല.

(എഫ്) ഉത്തരം (ഡി)യിൽ പരാമർശിക്കുന്ന തരത്തിലുള്ള ഒരു പരിശോധന സംവിധാനം വനം വകുപ്പിൽ നിലവിലുള്ളതിനാൽ ഇപ്രകാരം ഒരു പ്രത്യേക അന്വേഷണത്തിന്റെ ആവശ്യകതയില്ല.

വയനാട് ഫോറസ്റ്റ് ഗാർഡിന്റെ പി.എസ്.സി. റാങ്ക്‌ലിസ്റ്റ് കാലാവധി

81 (1904)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഫോറസ്റ്റ് ഗാർഡിന്റെ പി.എസ്.സി. റാങ്ക്‌ലിസ്റ്റിന്റെ കാലാവധി ഏതു തീയതിവരെയാണ്;

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ലിസ്റ്റിൽനിന്നും ഇതുവരെയായി എത്രപേർക്ക് നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽ ഫോറസ്റ്റ് ഗാർഡുകളുടെ ഒഴിവുകൾ ബന്ധപ്പെട്ട അധികൃതർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ലിസ്റ്റ് വന്നതിനുശേഷം മറ്റു ജില്ലകളിൽനിന്ന് വയനാട് ജില്ലയിലേക്ക് എത്ര ഫോറസ്റ്റ് ഗാർഡുമാരെ സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള ഫോറസ്റ്റ് ഗാർഡുമാരുടെ പ്രൊമോഷൻ വൈകുന്നു എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്നതിനുശേഷം നേരിട്ടുള്ള നിയമനം വഴി എത്ര ഫോറസ്റ്റർമാരെ വയനാട് ജില്ലയിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽപ്പെട്ടവരധികവും പ്രായപരിധി കഴിയാൻ പോകുന്നവരായതിനാൽ അവരുടെ നിയമനം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(എച്ച്) വയനാട് ജില്ലയിൽ പുതുതായി ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ഐ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ജെ) ഇല്ലെങ്കിൽ ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) 8.2.2001 വരെയാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി.

(ബി) ഇതുവരെ 83 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പൊതുസ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വയനാട് ജില്ലയിലേക്കും ജില്ലയ്ക്ക് പുറത്തേയ്ക്കും സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. പൊതുസ്ഥലംമാറ്റം അല്ലാതെ സർക്കാർ ഉത്തരവ് 12/96/പി. ആന്റ് എ.ആർ.ഡി. തീയതി 16.3.1996-ന് വിധേയമായി രണ്ട് പേർക്ക് വയനാട് ജില്ലയിലേക്ക് മേൽ കാലയളവിൽ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 20 പേരെ നിയമിച്ചിട്ടുണ്ട്.

(ജി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(എച്ച്-ജെ) വയനാട് ജില്ലയിൽ 16.7.1991-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 56/91/വനം പ്രകാരം അഞ്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly